പതിനാലാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3064** **10.05.2017- ൽ മറുപടിയ്ക്ക്**

**അവയവദാനം**

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ.എ.എം. ആരിഫ്: | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |
| അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിന് കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ? | മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും വേണ്ടി 2012 ൽ കേരളാ സർക്കാർ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ (കെ.എൻ.ഓ.എസ്) പദ്ധതിക്കു രൂപം കൊടുത്തു. ഇതിന്റെ സംസ്ഥാനതല ഓഫീസ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവർത്തനം ആരംഭിച്ചു. ഭരണ നിർവഹണം സുഗമമാക്കുവാൻ സംസ്ഥാനത്തെ മൂന്നു സോണുകളായി തരം തിരിക്കുകയും കോട്ടയം മെഡിക്കൽ കോളേജ്, കോഴിക്കോട് മെഡിക്കൽ കോളജ് എന്നിടങ്ങളിൽ സോണൽ ഓഫീസുകൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.<br><br>മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതിയായ കെ. എൻ.ഓ എസ് ന്റെ ആഭിമുഖ്യത്തിൽ കേരളത്തിൽ ഉടനീളം ബോധവത്ക്കരണ ക്ലാസ്സുകളും സെമിനാറുകളും ശില്പശാലകളും സംഘടിപ്പിക്കാറുണ്ട്. അവയവദാനത്തിന് താല്പര്യമുള്ളവർക്കായി ഡോണർ കാർഡ് വിതരണം ചെയ്യുകയും ദൃശ്യ ശ്രവ്യ-അച്ചടി മാധ്യമങ്ങൾവഴി വിവിധ സാംസ്കാരിക മേളകളിൽവച്ച് അവയവദാന സമ്മതപത്ര ശേഖരണം നടത്തിവരുകയും ചെയ്യുന്നു.<br><br>പ്രശസ്ത മലയാളം സിനി ആക്ടർ പത്മശ്രീ ഡോ.മോഹൻലാലിനെ മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതിയുടെ ഗുഡ് വിൽ അംബാസഡർ ആയി നിയമിച്ചിട്ടുണ്ട്. മസ്തിഷ്കമരണാന്തര അവയവദാനം നൽകിയിട്ടുള്ളവരുടെ കുടുംബ സംഗമം വർഷംതോറും നടത്തിവരുന്നു. കൂടാതെ മെഡിക്കൽ പാരാ മെഡിക്കൽ സ്റ്റാഫ് അംഗങ്ങൾക്ക് ട്രെയിനിങ് പരിപാടികളും നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ